بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*06 April 2012 ~ 13 Jamadul Awwal 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ എല്ലാ അനുയായികൾക്കും സമാധാനാശംസകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ, തശഹ്ഹ്ദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ എന്നിവ ഓതിയശേഷം അദ്ദേഹം പറഞ്ഞു.

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ
وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ ۝

''പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ, കാലത്തെ കൊണ്ട് സത്യം. മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങനുഷ്ഠിക്കുകയും സത്യം സ്വീകരിക്കുവാനും സ്ഥിര ചിത്തത കൈകൊള്ളാനും പരസ്പരം ഉപദേശിക്കുന്നവരൊഴികെ''.(103:1–4)

കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബയിൽ ഞാൻ വിശദീകരിച്ചതുപോലെ, ആദ്യകാല മുസ്ലിംകൾ ഔന്നത്യത്തിന്റെയും, ഐശ്വര്യത്തിന്റെയും, മഹോന്നത സ്ഥാനങ്ങളിൽ വിരാജിച്ചിരുന്നത് ചരിത്രം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. എന്നാൽ ഇന്ന് മുസ്ലിംകൾ അതിന്റെ എതിർദിശയിലേക്ക് പൊയ്കൊണ് ടിരിക്കുകയാണ്. മുകളിൽ പാരായണം ചെയ്ത വചനങ്ങളിൽ വ്യക്തമാവുന്നത്, ആദ്യകാല മുസ്ലിംകൾ ജീവിതത്തിലെ അടിയുറച്ച വിശ്വാസവും, അവർ പുലർത്തിയ അതിമഹത്തായ വ്യക്തിത്വവുമായിരുന്നു.

താരതമ്യം നടത്തി വ്യത്യാസം മനസ്സിലാക്കാം. ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥ പരിതാപകരമാണ്. കാരണം നമ്മുടെ വിശ്വാസത്തിലും, വ്യക്തിത്വത്തിലും ധാരാളം കുറവുകൾ സംഭവിച്ചിരിക്കുന്നു.ആദ്യകാല മുസ്ലിംകളിൽ കണ്ടതിൽ നിന്നും വിപരീതമായ പ്രവർത്തികളാണ് ഇന്ന് നാം മുസ്ലിംകളിൽ കാണുന്നത്. ആയതിനാൽ ഇന്ന് നാം പറയുന്നത് ഒരിക്കലും, അവാസ്തവമാകില്ല അതായത് നാം, നമ്മുടെ പേരുകൾ മുസ്ലിംകളായത്തന്നെ സംരക്ഷിച്ചിരിക്കുന്നു. സർവ്വശക്തനായ അല്ലാഹുവിന്റെ സത്യവാനായ ദൂതൻ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ) പ്രവചനം ചെയ്തത് ഇത്തരുണത്തിൽ അന്വർത്ഥമായി പുലർന്നിരിക്കുന്നു. ''ഒരു സമയം പെട്ടെന്നു തന്നെ സമാഗതമാകുന്നതാണ്. ഇസ്ലാമിൽ അതിന്റെ പേര് മാത്രം നിലനില്ക്കും, ഖുർ ആനിൽ അതിന്റെ എഴുത്തു മാത്രം അവശേഷിക്കും''.

ഇന്നത്തെ മുസ്ലിംകളിൽ ഈ പ്രവചനം അക്ഷരത്തിലും അർത്ഥത്തിലും പുലർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ഗൗരവപൂർവ്വവും, പെട്ടെന്നും പരിഗണിക്കപ്പെടേണ്ടതു തന്നെയാണ്.

(1) അല്ലാഹുവും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫാ(സ)യും അംഗീകരിച്ച യഥാർത്ഥ ഇസ്ലാം ഭൗതികമായും ആത്മീയമായും വിജയം പ്രദാനം ചെയ്യുന്നതാണ്. ഇന്ന് അതെങ്ങും കാണുന്നില്ല, ആയതിനാൽ ഏതു മാർഗ്ഗത്തിൽ ആ യഥാർത്ഥ ഇസ്ലാമിനെ പുനസ്ഥാപിക്കുവാൻ കഴിയും?

(2) ഈ യഥാർത്ഥ ഇസ്ലാമും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും, അപ്രത്യക്ഷമാകാനുള്ള യഥാർത്ഥ കാരണമെന്താണ്? മുസ്ലിംകളുടെ ജീവിതത്തിൽ നിന്നും ഇസ്ലാമിന്റെ യഥാർത്ഥ ചൈതന്യം എങ്ങനെയാണ് നഷ്ടപ്പെട്ടത്?

നാം ഖുർആൻ പഠനവിധേയമാക്കുമ്പോൾ,നമുക്ക് വ്യക്തമായും മനസ്സിലാക്കാവുന്ന ഒരു കാര്യം യഥാർത്ഥ വിശ്വാസം സംരക്ഷിക്കുവാനുള്ള കരുത്താർജ്ജിക്കുക എന്നതാണ്, അപ്പോൾ ഇസ്ലാം ഉന്നതനിലയലേക്കെത്തും, തുടർന്ന് മഹത്വത്തിന്റേയും, ഔന്നത്യത്തിന്റെയും സ്ഥാനങ്ങളിലേക്കുയരും.ഇത് സർവ്വശക്തനായ അല്ലാഹു മുസ്ലിംകൾക്കു മാത്രം നല്കിയിട്ടുള്ള പ്രത്യേക ജോലിയുമായി ബന്ധപ്പെട്ട കാര്യമാണ്. ഇക്കാരണത്താലാണ് മുസ്ലിംകൾ ഖുർ ആനിലൂടെ ആ മഹോന്നത സ്ഥാനം കരഗതമാക്കിയിട്ടുള്ളത്, അതായത് ''ഖൈറുൽ ഉമ്മ'' ഏറ്റവും നല്ല സമുദായം എന്ന സാക്ഷ്യപത്രം.

ഇസ്ലാം മതം ലക്ഷ്യമിടുന്നത് മനുഷ്യനിലൂടെ അല്ലാഹുവിന്റെ അനന്തമായ ശക്തി പ്രഭാവവും, ഗുണങ്ങളും,പ്രകടിപ്പിക്കുക, സർവ്വശക്തനും, മഹത്വമുടയവനും, ഏകനുമായ അല്ലാഹുവിന്റെ സാന്നിധ്യം അറിയിക്കുക. പ്രപഞ്ചസൃഷ്ടിപ്പിന്റെ, യഥാർത്ഥ കാരണം സ്ഥാപിക്കുകയും, പരിപാവനമായ സ്വഭാവഗുണം തെളിയിക്കുകയും, ചെയ്യുക, മനുഷ്യനെ യഥാർത്ഥ ജ്ഞാന പ്രകാശത്തിലൂടെ നയിക്കുക തുടങ്ങിയവയാകുന്നു. എന്നാൽ എല്ലാവിധ അധാർമ്മികതയിൽ നിന്നുംഅശുദ്ധതയിൽ നിന്നും സ്വയം ശുദ്ധനാകാതെ ഈ ജ്ഞാന പ്രകാശം ആർജ്ജിക്കുവാനോ, അതു വളർത്തുവാനോ, അവനു കഴിയില്ല. ഈ പരിശുദ്ധ പ്രകൃതി നേടിയ ശേഷം ഈ ഗുണവിശേഷങ്ങളിലൂടെ മനുഷ്യനു സ്വയം പൂർണ്ണനായി തീരാൻ ശ്രമിക്കാവുന്നതാണ്. അതിന് മഹത്തായ സ്വഭാവഗുണം വളർത്തി എടുക്കണം. അതിന് അവനെ പ്രാപ്തനാക്കുന്നത് നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നതിലൂടെയാണ്. മനുഷ്യനെ ഈ പൂർണ്ണാവസ്ഥയിലെത്തിക്കുന്നതിനും സൽപ്രവർത്തികൾ ചെയ്യിക്കുന്നതിനുമായി സർവ്വശക്തനായ അല്ലാഹു ആയിരകണക്കിന് സന്ദേശവാഹകരെയും, പ്രവാചകന്മാരേയും നിയോഗിച്ചിട്ടുണ്ട്.

പ്രവാചക ശൃംഖലയിലെ ഏറ്റവും മഹാനായ പ്രവാചകൻ ''സയ്യിദുൽ അമ്പിയാ വൽ മുർസലീൻ'' നബിമാരുടെയും മുർസലീങ്ങളുടെയും നേതാവായ പ്രവാചക ശ്രേഷ്ഠൻ, മുഹമ്മദ് മുസ്തഫാ(സ) തന്നെയാണ്. പ്രവാചക മാലയിലെ രത്നപതക്കമാണദ്ദേഹം. എത്രത്തോളം കണ്ണികൾ കൂടുന്നുവോ അവയെല്ലാം ആ പതക്കവുമായി ബന്ധപ്പെട്ടു നില്ക്കും. ഒരു മാലയിൽ ഒരു ലോക്കറ്റു മാത്രമേ കാണുകയുള്ളൂ, എന്നാൽ കണ്ണികൾ എത്രവേണമെങ്കിലും ആകാവുന്നതാണ്. ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ.അ) യിലൂടെയാണ് അല്ലാഹു മതപൂർത്തീകരണം നടത്തിയത്. ആ മതത്തിന് ഇസ്ലാം എന്നു നാമകരണം ചെയ്തതും അല്ലാഹുവാകുന്നു. അതുപോലെ മുഹമ്മദ് മുസ്തഫാ(സ) യിലൂടെയാണ് തന്റെ (അല്ലാഹുവിന്റെ) വചനങ്ങൾ ഇരുപത്തിമൂന്ന് വർഷക്കാലങ്ങളിലൂടെ, തന്റെ ദൂതന് നല്കിയതും, ഈ വെളിപാട് വചനങ്ങൾ ക്രോഡീകരിച്ച്, ഒരു ഗ്രന്ഥമാക്കി, അതാണ്, അതിന്റെ പേരാണ് പരിശുദ്ധ ഖുർആൻ. സർവ്വശക്തനായ അല്ലാഹു പറഞ്ഞു. ''ഈ പരിശുദ്ധ ഖുർആന്റെ രക്ഷാധികാരി ഞാനാകുന്നു. വിധിനാൾ വരേക്കും ഈ ഗ്രന്ഥത്തെ ഞാൻ കാത്തു സംരക്ഷിക്കുന്നതാണ്. ഈ ഗ്രന്ഥത്തിൽ 700 കല്പനകൾ അടങ്ങിയിരിക്കുന്നു''.

ആയതിനാൽ ഒരു ചോദ്യം ചോദിക്കപ്പെടാൻ അർഹതയുള്ളതു തന്നെയാണ്. ഈ പരിപാവനമായ ഗ്രന്ഥത്തെ അല്ലാഹു എങ്ങനെയാണ് സംരക്ഷിക്കുന്നത്? അവന്റെ 700 കല്പനകളും അവൻ പൂർത്തിയാക്കിയ മതവും? ഇസ്ലാം പേരിൽ മാത്രം നിലനിൽക്കുവാൻ അല്ലാഹു അനുവദിക്കുമോ? അഥവാ ഇസ്ലാം ലിപിയിൽ മാത്രം നിലനിൽക്കുവാൻ അല്ലാഹു അനുവദിക്കുമോ?.

വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) ടെ ആഗമനത്തെ സംബന്ധിച്ച് നമുക്ക് ചരിത്രം ഒന്നു അവലോകനം ചെയ്തു നോക്കാം. അദ്ദേഹത്തിന്റെ ആഗമനത്തിലൂടെ ലോകത്ത് ഒരാത്മീയ വിപ്ലവം ഉടലെടുക്കുകയാണുണ്ടായത്. വിശുദ്ധ പ്രവാചകനിലൂടെ മനുഷ്യൻ അവന്റെ മാനസിക ശാരീക വികാസത്തിന്റെ അത്യുന്നത ശ്രേണിയിലേക്കുയരുകയുണ്ടായി. അങ്ങനെ അവൻ അവനെ തന്നെ സ്വയം ശുദ്ധീകരിക്കുകയുണ്ടായി.അങ്ങനെ മനുഷ്യൻ വിശുദ്ധ ഖുർ ആനിലെ 5–ാം അധ്യായം 4–ാം വചനത്തിലൂടെ ഈ സുവാർത്തയും ലഭിക്കുകയുണ്ടായി. ''ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്കു ഞാൻ പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്കു പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു''

മനുഷ്യസൃഷ്ടിപ്പിന്റെ സമുന്നതമായ ലക്ഷ്യം അങ്ങനെ അവസാനം ബോധ്യപ്പെടുത്തുകയുണ്ടായി. നല്ലതും, ചീത്തയും, വ്യക്തമായി വേർതിരിക്കപ്പെട്ടു. സമ്പൂർണ്ണ ജീവിതമാതൃക ലോകസമക്ഷം വെളിവാക്കപ്പെട്ടു. ആ സമ്പൂർണ്ണ ജീവിത മാതൃകയിൽ സർവ്വശക്തനായ അല്ലാഹു വിശ്വാസികളെ മനസ്സിലാക്കികൊടുത്തു. അതായത് നിങ്ങൾ(വിശ്വാസികൾ) എന്നെയും, (അല്ലാഹു) ദൂതനെയും, അനുസരിക്കുന്നിടത്തോളം കാലം നിങ്ങൾക്ക് മഹത്തായ അനുഗ്രഹങ്ങൾ ലഭിച്ചു കൊണ്ടിരിക്കും. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിച്ചവരോടൊപ്പമായിരിക്കും. അതായത്, പ്രവാചകന്മാർ, മഹാസത്യവാന്മാർ, രക്തസാക്ഷികൾ, സജ്ജനങ്ങൾ (എന്നിവരോടൊപ്പമായിരിക്കും) അവരെത്ര നല്ല കൂട്ടുകാരാണ്. അല്ലാഹു തുടർന്നു പറയുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്, അറിയുന്നവനായി അല്ലാഹു മതിയായവനാണ്.

ഇന്ന് നാം എന്താണ് കാണുന്നത്? ഈ അനുഗ്രഹത്തിന്റെ (പ്രവാചകത്വം) വാതിൽ മനുഷ്യൻ സ്വയം കൊട്ടിയടച്ചിരിക്കുന്നു. അവർ തങ്ങളുടെ ആത്മാക്കളോടു തന്നെയാണ് അക്രമം കാണിക്കുന്നത്. എന്നാൽ അല്ലാഹു, സർവ്വശക്തനായവൻ, തന്റെ മതത്തെയും, പരിശുദ്ധ ഗ്രന്ഥത്തെയും, സംരക്ഷിക്കുന്നതാണ്. അവന്റെ അനുഗ്രഹം തുടർന്നും അയച്ചു കൊണ്ടിരിക്കും. കാരണം അതൊരു ദൃഢതരമായ വാഗ്ദാനമാണ്. ദൗർഭാഗ്യവശാൽ മുസ്ലിംകൾ ഈ മഹത്തായ അനുഗ്രഹത്തിനു നേരെ മുഖം തിരിഞ്ഞു നില്ക്കുകയാണ്. സർവ്വശക്തനായ അല്ലാഹു കഴിഞ്ഞകാലഘട്ടങ്ങളിൽ സംസാരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവന്റെ സംസാരം നിർത്തിയിരിക്കുകയാണ് എന്നവർ പറയുന്നു.

അവർ പറയുന്നു പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) യ്ക്കു ശേഷം എല്ലാം അവസാനിച്ചിരിക്കുന്നു.അല്ലാഹു കാത്തു രക്ഷിക്കട്ടെ, അവർ പറയുന്നു, പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) അവസാനത്തെ പ്രവാചകനാണെന്ന്, അദ്ദേഹത്തിനു ശേഷം ഇനി ഒരു പ്രവാചകനും വരികയില്ലെന്ന് അവർ പറയുന്നു. ഞാൻ നിങ്ങളുടെ മുമ്പാകെ വച്ച വിശുദ്ധ ഖുർ ആനിലെ ഈ വചനത്തിന് അവരെന്തു മറുപടിയാണ് പറയുന്നത്. ഇത് അല്ലാഹുവിന്റെ വചനമാണ്, അവൻ മനുഷ്യന് പ്രവാചകന്മാരെ നിയോഗിക്കുന്നതിലൂടെയാണ് അവന്റെ അനുഗ്രഹം ചൊരിയുന്നത്. അല്ലാഹു നിങ്ങൾക്ക് ഈ അനുഗ്രഹം നല്കുന്നു. ഇത് അവനിൽ നിന്നും വരുന്നതാണ്, അപ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ വാതിൽ നിങ്ങൾ അടയ്ക്കുകയാണോ? ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥയെക്കുറിച്ച് നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കുക. സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർ ആനിലെ അധ്യായം 7–വചനം 57–ൽ പറയുന്നു .''ഭൂമിയിൽ നന്മ വരുത്തിയ ശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്''.

ഇപ്പോൾ സർവ്വശക്തനായ അല്ലാഹു അവന്റെ അനുഗ്രഹവും ഔദാര്യവും ഉത്തമരായ ആളുകളുടെ മേൽ ചൊരിഞ്ഞു കൊണ്ടിരിക്കുകയാണ്. കാരണം ഇപ്പോൾ അവൻ തിരഞ്ഞെടുത്ത അവന്റെ പ്രതിനിധിയെ അയച്ചിരിക്കുകയാണ്. തന്റെ പ്രതിനിധിയിലൂടെ നന്മ കല്പ്പിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിലൂടെ നല്കിയ അധ്യാപനത്തിൽ ഒരല്പം പോലും കൂട്ടുകയോ, കുറയ്ക്കുകയോ, ചെയ്യാതെ. അവൻ (അല്ലാഹു) പറയുന്നു. അദ്ദേഹം വന്നത് അല്ലഹുവിൽ നിന്നാണ്, അല്ലാഹു താൻ തന്നെയാണ് അദ്ദേഹത്തെ നിയോഗിച്ചിരിക്കുന്നത്, നിങ്ങളെ എല്ലാവരെയും ഒരുമിച്ച് കൂട്ടുന്നതിന്, ആദ്യകാല മുസ്ലിംകളെ അത്യുന്നത സ്ഥാനങ്ങളിലേക്ക് ഉയർത്തിയതു പോലെ നിങ്ങളെയും, ഉയർത്തുന്നതിനു വേണ്ടി. അവർ(മുസ്ലിംകൾ) അതാ അത്ഭുതപ്പെടുന്നു. അവരതാ ഭൂമിയിൽ കുഴപ്പം ഉണ് ടാക്കാൻ ശ്രമിക്കുന്നു. സർവ്വശക്തനായ അല്ലാഹു കല്പ്പന പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ''ഭൂമിയിൽ നന്മ വരുത്തിയ ശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്''. അപ്പോഴതാ സർവ്വശക്തനായ അല്ലാഹു പറയുന്നു നിങ്ങൾക്കു മുന്നറിയിപ്പ് നല്കുന്നതിനു വേണ്ടി നിങ്ങളിൽ നിന്നുള്ള ഒരാൾ മുഖേന നിങ്ങളുടെ നാഥനിൽ നിന്ന് നിങ്ങൾക്ക് ഒരു ഉൽബോധനം വന്നെത്തിയതിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നുവോ?

വിശുദ്ധ ഖുർആനിലൂടെ അല്ലഹു പറഞ്ഞ മറ്റനേകം വചനങ്ങളും നമുക്ക് കാണാം. ''അല്ലയോ ആദം സന്തതികളെ, എപ്പോഴെങ്കിലും എന്നിൽ നിന്ന് മാർഗ്ഗദർശനം നല്കുന്ന ഒരാൾ വന്നാൽ അവർക്ക് ഭയപ്പെടാനൊന്നുമില്ല, ദു:ഖിക്കയുമില്ല.'' ''മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു നിശ്ചയം നാം ഭൂമിയിൽ എന്റെ ഖലീഫയെ നിശ്ചയിക്കുന്നതാണ് ''. തന്റെ ഖലീഫയെ തെരഞ്ഞെടുക്കുക എന്നത് ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമല്ല, മനുഷ്യനാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ ഓരോ വ്യക്തിയും, അല്ലെങ്കിൽ സംഘവും, അവന്റെ അഥവാ അവരുടെ ഖലീഫയെ, തെരഞ്ഞെടുക്കും, എന്നിട്ട് അവന്റെ അഥവാ അവരുടെ ഓരോരുത്തരുടെയും, അധ്യാപനമനുസരിച്ച് അഥവാ ധർമ്മോപദേശമനുസരിച്ച് പിന്തുടരുവാൻ ആരംഭിക്കും. നാം ഇന്നു കാണുന്നതുപോലെ. ജനങ്ങൾ ഇന്ന് ഖുർ ആനും സുന്നത്തും, ഉപേക്ഷിച്ചിരിക്കുന്നു. എന്നിട്ട് മനുഷ്യൻ തെരഞ്ഞെടുത്ത ഖലീഫ തീരുമാനിക്കുന്ന ധർമ്മോപദേശം പിന്തുടരുന്നു.അവർ അദ്ദേഹത്തിന് വളരെയധികം പ്രാധാന്യം കല്പ്പിക്കുന്നു. ഇനി ഒരു സംഘം നേതാവുമായി യോജിക്കുന്നില്ലെങ്കിൽ, അപ്പോൾ അവർ മറ്റൊന്നിനെ നോക്കുന്നു, ഇങ്ങനെ തുടർന്നു വരുന്ന സംഘങ്ങൾ ഇസ്ലാമിൽ രൂപപ്പെട്ടു. ഒരു വിഗ്രഹാരാധകനും ഇവരുമായി ഒരു വ്യത്യാസവുമില്ല. വിഗ്രഹാരാധകൻ ഒരു അതുല്യമായ ദൈവത്തിൽ വിശ്വസിക്കുന്നില്ല. അതായത്, പ്രപഞ്ച സൃഷ്ടാവിൽ, എല്ലാ വസ്തുക്കളെയും, സൃഷ്ടിച്ച സൃഷ്ടാവിൽ. തന്നെതന്നെ സൃഷ്ടിച്ച സൃഷ്ടാവിൽ. എന്നാൽ ഈ അദ്വിതിയമായ ദൈവത്തിനു പുറം തിരിഞ്ഞു നില്ക്കുമ്പോൾ, ആരുടെ മുമ്പിലാണോ ഒരു ദിവസം താൻ കണക്ക് സമർപ്പിക്കേണ്ടി വരുന്നത്. ( ആ ദൈവത്തിൽ നിന്നും പുറം തിരിഞ്ഞു നില്ക്കുമ്പോൾ) കഴിവില്ലാത്ത ഒരു കീടത്തിന്റെ കാലു പോലും സൃഷ്ടിക്കാൻ കഴിയാത്ത നൂറ് പൊയ് ദൈവങ്ങളുടെ മുമ്പിൽ തിരയേണ്ടി വരും.

ഇതുപോലെ, സർവ്വശക്തനായ അല്ലാഹു അവന്റെ ദൂതനെ അയയ്ക്കുന്നു. അവന്റെ പ്രതിനിധിയെ എന്നാൽ, അവർ അവന്റെ (അല്ലാഹുവിന്റെ) ദൂതനിൽ നിന്നും, അഥവാ ഖലീഫയിൽ നിന്നും പിന്തിരിഞ്ഞു പോകുന്നു, എന്നിട്ടവർ അവരുടെ ഒരു നേതാവിനെ അവർ തന്നെ തിരഞ്ഞെടുക്കുന്നു. ഓരോ സംഘവും അവർ തെരഞ്ഞെടുത്ത നേതാവിൽ സന്തുഷ്ടരാണ്. അങ്ങനെ ഇപ്പോൾ മുസ്ലിംകൾ വിവിധ ശാഖകളിലായി. ആ ശാഖകൾ വിണ്ടും ഉപശാഖകളായി പിരിയുന്നു. അങ്ങനെ മുസ്ലിംകൾ വിവിധ ശാഖകളിലും ശാഖോപശാഖകളിലുമായി തീർന്നു. അതെതുടർന്ന്, നവീന ചിന്താധാരകൾക്കും, നവരീതിയിലുള്ള ആശയങ്ങൾക്കും വഴിതുറന്നു. ഇസ്ലാമിലെ നേതാക്കളുടെ ബാഹുല്യം, കൂടുതൽ വിഭാഗങ്ങളെ സൃഷ്ടിക്കുകയും, അതിലൂടെ അസമാധാനം സൃഷ്ടിക്കപ്പെടുകയും, ചെയ്തു.

ഒരേ വിശ്വാസത്തിൽപ്പെട്ട മുസ്ലിം സഹോദരങ്ങൾക്കിടയിൽ ശത്രുത ജനിപ്പിക്കുകയുമുണ്ടായി. ഈ നേതാക്കൾ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവരല്ല, അതു കൊണ്ട് തന്നെ അവർക്ക് ദൈവീക വെളിപാടുകളും ലഭ്യമല്ല. ഇവരാണ് യഥാർത്ഥത്തിൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നത്. വിശുദ്ധ ഖുർ ആനിലെ വചനങ്ങളിലൂടെ അവർ ഭൗതിക ലാഭം കൊയ്യുകയാണ്. അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം തെല്ലുമില്ല. നിങ്ങൾ അവരെ കാണുകയാണെങ്കിൽ നിങ്ങൾ അത്ഭുതപ്പെട്ടു പോകും. അവരുടെ പാരായണരീതി, സംസാരരീതി, ഇതൊക്കെ അവരുടെ ചുണ്ടുകളിലും, പ്രകടനത്തിലും മാത്രമാണുള്ളത്. ഈ ആളുകളാണ് ഇസ്ലാം മതത്തെ അധ:പതിപ്പിച്ചത്. അവർ തന്നെയാണ് യഥാർത്ഥ കുഴപ്പക്കാരികൾ, ഈ നേതാക്കളോട് ഭൂമിയിൽ കുഴപ്പ്മുണ് ടാക്കരുത് എന്ന് പറയപ്പെട്ടാൽ അവർ ഇപ്രകാരം പറയും. ഞങ്ങൾ സമാധാനകാംക്ഷികൾ മാത്രമാണ്.ഇതിന്റെ മറുപടി ആയിട്ട് അല്ലാഹു തന്നെ പറയുന്നു. ''സംശയലേശമന്യേ അവർ തന്നെയാണ് കുഴപ്പക്കാരികൾ, പക്ഷേ അവരത് അറിയുന്നില്ല''. (2:13). അവരുടെ വാക്കുകളെ അല്ലാഹു തന്നെ നിഷേധിക്കുകയും, എന്നിട്ട് അവർ തന്നെയാണ് കുഴപ്പക്കാരികൾ എന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. പക്ഷേ അവരത് അറിയുന്നില്ല. അതിന്റെ കാരണം അല്ലാഹു അവരെ തന്റെ പ്രതിനിധികളായി ഭൂമിയിൽ തെരഞ്ഞെടുത്തിട്ടില്ല എന്നതു തന്നെ. അല്ലാഹു അവരെ തിരഞ്ഞെടുക്കാത്തിടത്തോളം കാലം, നിശ്ചയമായും, ദൈവദൂതൻ(മലക്ക്) സന്ദേശവുമായി അവരുടെ അടുത്തേക്ക് നിയോഗിക്കപ്പെടില്ല. അക്കാരണത്താൽ, അവർ ഭൂമിയിലെ ഏറ്റവും നികൃഷ്ടജീവികളായി തീർന്നിരിക്കുന്നു. നമ്മുടെ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ(സ) പ്രവചനം ചെയ്തതുപോലെ, അദ്ദേഹം പറഞ്ഞു.അവർ(നേതാക്കൾ) ഭൂമിയിലെ ഏറ്റവും നികൃഷ്ടജീവികളായി തീരുമ്പോൾ, അവർ ഭൂമിയിൽ വലിയ കുഴപ്പങ്ങളുണ്ടാക്കുകയും, നേർപാതയിൽ സഞ്ചരിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നതാണ്.

ഇപ്പോഴത്തെ ഇസ്ലാമിന്റെ അവസ്ഥ എങ്ങനെയാണ് ചിന്തിക്കുക. സമ്പൂർണ്ണ മതമായ ഇസ്ലാമിന്റെ കഴിഞ്ഞു പോയ സുവർണ്ണ കാലവും, (ഇപ്പോഴത്തെ അവസ്ഥയും) താരതമ്യം ചെയ്തു നോക്കുക. ഇന്നത്തെ ഈ ശോചനീയ അവസ്ഥയിൽ ഇസ്ലാം ഇങ്ങനെ തുടരുവാൻ അല്ലാഹു അനുവദിക്കുമോ? ഇതിനെ കുറിച്ച് നിങ്ങളൊന്നു ചിന്തിക്കുക. നബി(സ) പറഞ്ഞ ഒരു ഹദീസ് ഇത്തരുണത്തിൽ ഓർക്കുകയാണ്, അദ്ദേഹം തന്റെ അനുയായികളോട് അരുളി. ''എന്റെ ആത്മാവ് ഏതൊരുവന്റെ കയ്യിലാണോ അവരെകൊണ്ട് സത്യം നിങ്ങൾ നല്ല കാര്യങ്ങൾ കല്പ്പിക്കുക. ചീത്ത കാര്യങ്ങൾ തടയുക. അക്രമം ചെയ്യുന്നവന്റെ കരങ്ങളെ നിങ്ങൾ നിർബന്ധമായും തടയണം, സത്യം പിന്തുടരാൻ ശക്തമായ മുന്നറിയിപ്പ് നല്കുകയും ചെയ്യണം, അല്ലാത്ത പക്ഷം നിങ്ങളിൽ ചിലരുടെ ഹൃദയങ്ങളെ മറ്റു ചിലർക്കെതിരിൽ അല്ലാഹു തിരിക്കുന്നതാണ്, അവരെ(കഴിഞ്ഞു പോയ ഇസ്രായീൽ സന്തതികളെ) ശപിച്ചതു പോലെ (അല്ലാഹു) അവൻ നിങ്ങളെയും ശപിക്കുന്നതാണ്''.

''വിശ്വസിച്ചവരെ, നിങ്ങൾ അവിശ്വാസികളെ അനുസരിക്കുന്നതായാൽ അവർ നിങ്ങളെ നിങ്ങളുടെ കുതിക്കാലുകളിൻ മേൽ പിൻതിരിപ്പിച്ചു കളയും, അപ്പോൾ നിങ്ങൾ നഷ്ടപ്പെട്ടവരായി തീരുന്നതാണ് ''(3:150).

അല്ലാഹു പറയുന്നു. ഈ നേതാക്കളെ നിങ്ങൾ ശ്രദ്ധിക്കരുത്. നിങ്ങളുടെ സംരക്ഷകൻ അല്ലാഹു ആകുന്നു. അല്ലാഹു അല്ലാതെ മറ്റാർക്കും നിങ്ങളെ സഹായിക്കുവാൻ കഴിയുകയില്ല. പരിശുദ്ധമായ ഇസ്ലാമിൽ എല്ലാവിധ നൂതനാശയങ്ങളും കൂട്ടിചേർത്ത് വികലമാക്കിയവരാണവർ. സർവ്വശക്തനായ അല്ലാഹു, ഈ പുതിയ കാര്യങ്ങൾ ചേർക്കുവാൻ ഒരധികാരവും ഒരവകാശവും നല്കിയിട്ടില്ല. അല്ലാഹുവിനോടൊപ്പം വ്യാജ ദൈവങ്ങളെ പ്രതിഷ്ഠിച്ചവരാണവർ. മുസ്ലിംകൾ അന്ധമായി ഈ ആശയങ്ങളെ പിന്തുടരുകയാണ്. എന്നാൽ നിശ്ചയമായും മുസ്ലിംകൾ അറിയുന്നു. ഈ നൂതന കാര്യങ്ങൾ വിശുദ്ധ ഖുർ ആനിലോ, നബിയുടെ തിരുസുന്നത്തിലോ, ഇല്ലാ എന്ന്. ഇവർ ആരാണ്? (ഈ പറയപ്പെട്ട നേതാക്കൾ) ഇസ്ലാമിലില്ലാത്ത ഈ കാര്യങ്ങൾ ഇസ്ലാമിന്റെ പേരിൽ നടപ്പിലാക്കുവാൻ ഇവർക്കാരാണ് അധികാരം നല്കിയത്.?

വിശുദ്ധ ഖുർ ആനിൽ പറയപ്പെട്ട കാര്യങ്ങളിൽ അവർ വിശ്വാസിക്കുന്നില്ല. അവരതിന് ഒരു പ്രാധാന്യവും കല്പ്പിക്കുന്നില്ല. വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങൾ എന്തു പ്രാധാന്യമുള്ളതാണ് എന്ന് മുസ്ലിംകളെ ശരിയായി പഠിപ്പിക്കുന്നുമില്ല. ഭൗതികമായി നേട്ടമുണ്ടാകുന്ന കാര്യങ്ങൾ മാത്രമാണവർ ചെയ്യുന്നത്. നിങ്ങൾ മുസ്ലിംകൾ, അവരെ വിശ്വസിക്കുവാൻ തയ്യാറായിരിക്കുന്നു. ആയതിനാൽ ഈ ബുദ്ധിഹീനന്മാർ പ്രവാചകത്വത്തിന്റെയും, ദൈവീക വെളിപാടുകളുടെയും വാതിലുകൾ ആടച്ചു. ഇപ്രകാരം അവർ (പ്രവാചകത്വത്തിന്റെയും, ദൈവീകവെളിപാടുകളുടെയും, വാതിലുകൾ അടച്ചില്ലെങ്കിൽ) ചെയ്തില്ലെങ്കിൽ അവരുടെ പ്രവർത്തന രംഗം പുരോഗമിക്കുകയില്ല. ജനങ്ങൾ അവരെ ബഹുമാനിക്കുകയില്ല അഥവാ ജനങ്ങൾ അവർക്ക് ഒരു പ്രാധാ ന്യവും നല്കുകയില്ല.

സർവ്വശക്തനായ അല്ലാഹു സന്മാർഗചരിതരായ ഖലീഫമാരെ നിങ്ങൾക്കു നല്കുന്നതിലൂടെ അവൻ തന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കു നല്കി കൊണ്ടിരിക്കും എന്നത് ഒരു സത്യവസ്തുതയാണ്. (പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ(സ) യുടെ വഫാത്തിനു ശേഷം) ഓരോ നൂറ്റാണ്ടിന്റെയും, തലയ്ക്കൽ അപ്രകാരം അല്ലാഹുവിന്റെ ഖലീഫമാർ ആഗതരായിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ അല്ലാഹു തന്റെ മസീഹിനെയും, അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രനും വാഗ്ദത്ത പരിഷ്കർത്താവും ആയ ആളെയും മസീഹിന്റെ പ്രതിനിധികളെയും നിയോഗിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ പ്രതിനിധികൾക്ക് അല്ലാഹുവിനേക്കാൾ അവന്റെ ഗ്രന്ഥത്തെക്കാൾഅമിത പ്രാധാന്യം ജനങ്ങൾ നല്കാൻ തുടങ്ങിയപ്പോൾ, അല്ലാഹു ഈ നൂറ്റാണ്ടിലേക്ക് ഈ വിനീതനെ ഉയർത്തുവാൻ തീരുമാനിക്കുകയുണ്ടായി. അപ്രകാരം ഈ വിനീതദാസനെ അവൻ തെരഞ്ഞെടുത്തിരിക്കുന്നു.

അല്ലാഹു തന്റെ ദൂതനെ തെരഞ്ഞെടുക്കുമ്പോൾ, അവന്റെ വചനങ്ങൾ ഓതികേൾപ്പിക്കുവാനാണ്, അവന്റെ വെളിപാടുകൾ വിവരിക്കുവാനാണ്, നിങ്ങളെ പരിശുദ്ധരാക്കുവാനാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ.

''അല്ലാഹു സത്യവിശ്വാസികളിൽ, അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം അവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും, തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പാകട്ടെ, അവർ പ്രത്യക്ഷമായ ദുർമാർഗ്ഗത്തിലായിരുന്നു''.(3:165)

ഈ വിഷയത്തെ സംബന്ധിച്ചുള്ള പ്രസംഗത്തിന്റെ ഈ ഭാഗം ഇന്നിവിടെ നിർത്തുകയാണ്. ഇൻഷാ അല്ലാഹ്, അടുത്ത ആഴ്ച ഇതു തുടരുവാനുള്ള സൗഭാഗ്യം അല്ലാഹു നല്കുമാറാകട്ടെ, ആമീൻ.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് നിങ്ങളെ എല്ലാവരെയും ഒരു വിവരം അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ കേരളത്തിലെ സഹോദരി സഹോദരന്മാർ ദഅ്വ യെ സംബന്ധിച്ച് ഒരു പ്രത്യേക പരിപാടി ഇന്ന് സംഘടിപ്പിച്ചിരിക്കുകയാണ്. എല്ലാ അംഗങ്ങളും ഒരുമിച്ചു ചേർന്നിട്ടുണ്ടാകും. ഇൻഷാ അല്ലാഹ്. ദഅ്വയെ പറ്റി എന്റെ കഴിഞ്ഞ ഖുത്തുബകളിലൂടെ ഉപദേശിച്ച കാര്യങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നതിനുള്ള തുടക്കം എന്ന നിലയിൽ കേരളാ ജമാഅത്തിന്റെ ഈ സംരംഭം മഹത്തരമാണ്,സമയോചിതമാണ്. ഈ സംരംഭത്തിന് അല്ലാഹു എല്ലാവിധ അനുഗ്രഹങ്ങളും ചെയ്യുമാറാകട്ടെ. അവരുടെ ഈ പരിപാടി വിജയപ്രദമായിത്തീരട്ടെ. നല്ല ആത്മാക്കളെ അല്ലാഹു വഴി കാണിക്കട്ടെ, അവരുടെ ഈ പ്രവർത്തനം ദൈവീക സ്നേഹം വർദ്ധിപ്പിക്കട്ടെ, മറ്റുള്ളവർക്ക് പ്രചോദനവും വഴികാട്ടലും ആകട്ടെ. വിശുദ്ധ ഖുർആനിലെ വചനം എത്രമാത്രം അന്വർത്ഥമായിരിക്കുന്നു.ഇത്തരത്തിലുള്ള വിശ്വാസികളെക്കുറിച്ചാണ് പറയുന്നത്. അവർ ഒരു ചെറിയ സംഘമാണെങ്കിലും ജിഹാദിന്റെ കാര്യത്തിൽ അവർ അതി ധൈര്യവാന്മാരാണ്. മറ്റുള്ള ആത്മാക്കളെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള (അവരുടെ ശ്രമം) ശ്ലാഘനീയമാണ്. അല്ലാഹുവും അവന്റെ ദൂതനും അവരുടെ കാര്യത്തിൽ സന്തുഷ്ടരാണ്. അല്ലാഹുവിൽ നിന്നുള്ള അനേകം ദൃഷ്ടാന്തങ്ങളും, തെളിവുകളും, അവർക്കു ലഭ്യമാണ്. ദീനിപരമായ അവരുടെ അറിവ് ഇനിയും അല്ലാഹു വർദ്ധിപ്പിച്ചു നല്കട്ടെ, അവരിലൂടെ ഇസ്ലാമിന് പ്രയോജനം ഉണ്ടാകട്ടെ. ഇസ്ലാമിന്റെ ഭാവിയിലേക്കുള്ള പ്രകാശ വാഹകരാണവർ. ഇൻഷാ അല്ലാഹ്.

ഈ സന്തോഷമുഹൂർത്തത്തിൽ എനിക്ക് അവർക്ക് നല്കാനുള്ള ഉപദേശം,അല്ലയോ എന്റെ അനുയായികളെ നിങ്ങൾ അശ്രാന്തം പരിശ്രമിക്കുക.അല്ലയോ എന്റെ അനുചരന്മാരെ നിങ്ങൾ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുക. എന്റെ കാഴ്ചയിൽ നിന്നും നിങ്ങൾ വിദൂരത്താണെങ്കിലും എന്റെ ഹൃദയത്തിനോട് ചേർന്നു നിൽക്കുന്നവരാണ്. ഇസ്ലാം അതിന്റെ സുവർണ്ണ കാലഘട്ടത്തിൽ ശോഭിച്ചിരുന്നതു പോലെ, ശോഭിക്കുന്നത് ലോകം ഒരിക്കൽ കൂടി നോക്കി കാണട്ടെ. ഇസ്ലാമിന് ഈ മഹത്തായ നേട്ടം കരഗതമായത് ഏകതാഭാവത്തിലൂടെയും, സഹപ്രവർത്തനത്തിലൂടെയും, സഹോദര്യത്തിലൂടെയും, സ്നേഹത്തിലൂടെയും, ധാരണാശക്തിയിലൂടെയും, അല്ലാഹുവിനെയും അവന്റെ ദൂതനെയും, അനുസരിക്കുന്നതിലൂടെയുമായിരുന്നു. നിങ്ങളുടെ ഹൃദയദാഹങ്ങൾക്കുള്ള ശമനൗഷധമാണ് വിശുദ്ധ ഖുർ ആൻ എന്ന തുറന്ന ഗ്രന്ഥം. വിശുദ്ധ ഖുർ ആൻ, സത്യവാന്മാരെയും, അല്ലാഹുവിനു സ്വയം സമർപ്പിച്ചവരെയും, അവനിലേക്ക് നയിക്കുന്നു. നിങ്ങൾ സത്യത്തിലും ആത്മാർത്ഥതയിലും നിലനില്ക്കുവോളം അല്ലാഹു നിങ്ങളുടെ പ്രയാസപർവ്വതങ്ങളെ പക്ഷികളുടെ തൂവലുകൾ പോലെ മൃദുലമാക്കിത്തരുന്നതാണ്. ഒരു യഥാർത്ഥ വിശ്വാസി ഒരുമിച്ചു നില്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നവനാണ്. അവൻ അല്ലാഹുവിന്റെ പാതയിൽ നിന്നും തന്റെ സഹ സഹോദരന്മാരെയും, സഹോദരിമാരെയും, തടയുന്നവനല്ല. മറിച്ച് അവർ മറ്റുള്ളവരുടെ ജീവിതം സുഖകരമാക്കുന്നവരാണ്.

ആയതിനാൽ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ നിന്നും ഉപദേശങ്ങളിൽ നിന്നും മറ്റുള്ളവർക്ക് പ്രയോജനം ആർജ്ജിക്കുവാൻ കഴിയും. അല്ലാഹുവിന്റെ ദൂതന്റെ അനുയായി തീരുന്നതിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ അവർക്കു പകർന്നു നല്കുവാൻ കഴിയും. ഇവരാണ് യഥാർത്ഥ ദാഈ ഇലല്ലാഹ്(അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ)മാർ. മറ്റുള്ളവരുടെ സുഖത്തിനു വേണ്ടി ത്യാഗം ചെയ്യുന്നവർ. അത് സഹോദരനായിരുന്നാലും ശരി, അതിഥി ആയാലും ശരി, അപരിചിതനായാലും ശരി, ഹൃദയങ്ങൾ അവരിലേക്ക് തിരിയുന്നു. അവരിൽ നിന്നും ഒരു പ്രകാശം അവർക്ക് അനുഭവപ്പെടുന്നതിനായി അവരിൽ ഉൽഭൂതമാകുന്ന പ്രകാശം ഇസ്ലാമിന്റെ സമൃദ്ധിക്ക് കാരണമായിത്തീരുന്നു. യഥാർത്ഥവും സത്യവുമായ മതം. അവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവും അവന്റെ ദൂതനുമാണ് പ്രഥമസ്ഥാനം. അസാധാരണമായ അനുസരണ ശീലത്താൽ, അവർ ദൈവീക വെളിപാടുകളുടെ താക്കോൽ വാഹകരായിത്തീരുന്നു.

അല്ലയോ എന്റെ സഹോദരീ സഹോദരന്മാരെ, കുട്ടികളെ നിങ്ങൾ ഇതുപോലെയുള്ള വിശ്വാസികളായി തീരാൻ ശ്രമിക്കുക. തങ്ങളുടെ വിശ്വാസത്തിൽ നിന്നും മാറ്റുവാൻ സാത്താനെ അനുവദിക്കരുത്. അല്ലാഹുവിനും അവന്റെ ദൂതനും പ്രഥമസ്ഥാനം നല്കുക.അത്തരത്തിലുള്ളവരുടെ വിനയപൂർവ്വമായ ത്യാഗത്തിലൂടെ ഇസ്ലാം വീണ്ടും, ഹരിതാഭമായത്തീരും. അവർ സാഹോദര്യത്തോടെ ജീവിക്കുന്നവരായിത്തീരും. ഒരു വിശ്വാസി വിശ്വാസത്തിൽ പുതിയതായി വന്നതാകും. എന്നാൽ അവൻ വിശ്വാസി ആയാൽ, അവന്റെ ആത്മാവിനെ ദൈവസ്നേഹത്താലും, അനുസരണത്താലും പൂർണ്ണമാക്കേണ്ടതാണ്. തന്റെ ജീവിതം കൂടുതൽ നന്മയ്ക്ക് വിധേയമാകേണ്ടതാണ്. ഈ താത്കാലിക ലോകത്തിനു പകരം പരലോകത്തിന് പ്രാധാന്യം കല്പ്പിക്കേണ്ടതാണ്. അവന്റെ ഹൃദയം കണ്ണായി മാറണം. ഹൃദയം കൊണ്ട് അല്ലാഹുവിനെ ദർശിക്കണം. തന്റെ പ്രവർത്തിലൂടെയും പെരുമാറ്റത്തിലൂടെയും, അവൻ അവനെ (അല്ലാഹുവിനെ ദർശിക്കണം) മറ്റുള്ളവരെയും ഈ രീതിയിൽ നോക്കി കാണണം. എപ്പോഴെങ്കിലും എന്തെങ്കിലും പിഴവ് സംഭവിച്ചാൽ, അവൻ അത് ശരിയാക്കുവാൻ ശ്രമിക്കേണ്ടതാണ്. തന്മൂലം നല്ലതും ചീത്തയും വേർതിരിയുന്നതാണ്.

കേരളത്തിലെ ജമാഅത്തിലെ ‘ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം’ പുരോഗതിയുടെ പാതയിലാണ്. അവർ വിശ്വാസികളുടെ മഹോന്നത മാതൃക സ്വായത്തമാക്കിയിരിക്കുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ. അതിയായ പ്രയത്നം കാഴ്ചവയ്ക്കുന്നതിലൂടെ മറ്റുരാജ്യങ്ങളിലുള്ളവരെയും, നല്ല പ്രവർത്തനങ്ങളിൽ മത്സരിച്ചു മുന്നേറുവാൻ ഉത്തേജിപ്പിക്കുന്നു. അവരുടെ പ്രയത്നങ്ങളെ അല്ലാഹു അനുഗ്രഹപ്രദമാക്കട്ടെ. അല്ലാഹു അവർക്ക് ഇരുലോകത്തും പ്രതിഫലം നല്കട്ടെ. ഇൻഷാ അല്ലാഹ്. ആമീൻ.

*Translated & Issued by:* *R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*